**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **09-06-2021 - ൽ മറുപടിയ്ക്ക്**

**ജലനിധി രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. ലിന്റോ ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (എ) | ജന പങ്കാളിത്തത്തോടെ 115 ഗ്രാമപഞ്ചായത്തു കളിൽ നടപ്പിലാക്കിയ ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ 2176 കുടിവെള്ള പദ്ധതികളിലൂടെ 2.60 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുവേണ്ടി 1358.63 കോടി രൂപയാണ് പദ്ധതി തുകയായി വകയിരുത്തിയത് . 2176 പദ്ധതികളിൽ നിർവഹണ പ്രവർത്തനങ്ങൾ വൈകി ആരംഭിച്ച മലപ്പുറം ജില്ലയിലെ മുന്നിയൂർ പഞ്ചായത്തിലെ ഒരു പദ്ധതിയും സ്രോതസ്സിലെ ജലലഭ്യത കുറവുമൂലം കാസർകോട് ജില്ലയിലെ പൈവളികെ പഞ്ചായത്തിലെ 2 പദ്ധതികളും ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചു. മുന്നിയൂർ പദ്ധതിയുടെ 80% പണികളും പൂർത്തിയായി. ബാക്കി പ്രവൃത്തികളും പൂർത്തിയാക്കി 2021-22 സാമ്പത്തിക വർഷം തന്നെ പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളിലൂടെ ഇതുവരെ 2.54 ലക്ഷം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട് . പൂർണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയുടെ മൂലധന ചെലവിന്റെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളുമാണ് വഹിക്കുന്നത് . ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിലാണ് പദ്ധതിയുടെ ആസൂത്രണ, നിർവഹണ പ്രവർത്തനങ്ങൾ നടത്തിയത് . കമ്മീഷൻ ചെയ്ത കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ നടത്തിപ്പിനും പരിപാലനത്തിനുമാവശ്യമായ മുഴുവൻ തുകയും ഗുണഭോക്താക്കളിൽ നിന്നും സമാഹരിച്ചുകൊണ്ട് അതാത് സമിതികൾ തന്നെയാണ് നടത്തുന്നത് . പദ്ധതി ആസ്തികളുടെ സംയുക്ത ഉടമസ്ഥാവകാശം അതാതു |

| | | | |
|---|---|---|---|
| | | | സമിതികൾക്കും ഗ്രാമപഞ്ചായത്തിനു മാണുള്ളത് . കുടിവെള്ള പദ്ധതികൾ കൂടാതെ 9652 ശുചിത്വ പദ്ധതികളും, ODF പദ്ധതിയിൽ ഉൾപ്പെടുത്തി 36,376 ഗാർഹിക ശൗചാലയങ്ങളും, 1899 ഭൂജല പരിപോഷണ പ്രവർത്തനങ്ങളും, പദ്ധതി പങ്കാളികൾക്കായി 8546 പരിശീലനപരിപാടികളും ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) | ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി 2019 ജൂൺ മാസത്തിൽ അവസാനിച്ചിരുന്നു. പദ്ധതിയുടെ എല്ലാ ഘടക പ്രവർത്തനങ്ങളുടെയും പ്രവർത്തന പുരോഗതിയും തുടർ നടത്തിപ്പും പരിപാലനവും ഗ്രാമപഞ്ചായത്ത് തലത്തിലും കെ.ആർ.ഡബ്ല്യൂ.എസ്സ് .എ.യുടെ മേഖലാ തലത്തിലും സംസ്ഥാന തലത്തിലും സമയാസമയങ്ങളിൽ അവലോകനം ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിൽ പദ്ധതി പുരോഗതി സംബന്ധിച്ച പ്രതിമാസ, ത്രൈമാസ റിപ്പോർട്ടുകൾ കേന്ദ്ര സംസ്ഥാന സർക്കാറുകൾക്കും ലോകബാങ്കിനും യഥാസമയം നൽകിയിട്ടുണ്ട് . ഇതു കൂടാതെ നിശ്ചിത ഇടവേളകളിൽ ലോകബാങ്ക് മിഷനുകളും പദ്ധതിയുടെ അവലോകനം നടത്തിയിരുന്നു. |
| (സി) | ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള - ശുചിത്വ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലോകബാങ്ക് നൽകി വരുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് (01/01/2012-28/06/2019) ലോക ബാങ്കിൽ നിന്നും വായ്പാ ധനസഹായമായി 884.31 കോടി രൂപ ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ